Draft #3 of File ACBI/3/1752/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jun-2020 05:47 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്കുള്ള ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് സർവകലാശാല അംഗീകരിച്ച സ്കോർ ഷീറ്റിലെ ന്യൂനതകൾ പരിഹരിക്കുന്നത് സംബന്ധിച്ച പരാതി- സിൻഡിക്കേറ്റ് യോഗത്തിന്റെ തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 1 സെക്ഷൻ**

നമ്പർ. 2555/AC B 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 15.06.2020

---

*പരാമർശം:*-1. 17.05.2019 തീയതിയിലെ 2108/ACB1/2019/എം.ജി.യു. നമ്പർ സർവകലാശാല ഉത്തരവ്.

2. ശ്രീ.മോൻസ് മാത്യു, പടിഞ്ഞാറയിൽ ഹൗസ്, കുടല്ലൂർ, 28.06.2019 തീയതിയായി സമർപ്പിച്ച പരാതി.

3. ശ്രീ. ജോഷിൻ ജോസഫ്, പാരിയത്ത് ഹൗസ്, കുര്യനാട്, കോട്ടയം, 18.07.2019 തീയതിയായി സമർപ്പിച്ച പരാതി.

4.ശ്രീ. സിറിൽ.കെ. ജോസ്, 28.05.2019 തീയതിയായി ഇ-മെയിൽ മുഖാന്തരം സമർപ്പിച്ച പരാതി.

5. 26.05.2020 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 194/20.02/AcBI/3/1752/2019.

**<u>ഉത്തരവ്</u>**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനങ്ങൾക്കുള്ള ഇന്റർവ്യൂവിനായുള്ള സ്കോർ ഷീറ്റ് പരാമർശം (1) പ്രകാരം സർവകലാശാല അംഗീകരിച്ചിരുന്നു. ടി സ്കോർ ഷീറ്റിൽ ന്യൂനതകൾ ഉണ്ടെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ടുള്ള പരാതികൾ പരാമർശം (2), (3), (4) മുഖേന,സർവകലാശാലയിൽ ലഭ്യമായിരുന്നു. 26.05.2020 ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പ്രസ്തുത പരാതി പരിശോധിക്കുകയും, പരാമർശം (5) പ്രകാരം, താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

"യു.ജി.സി. റഗുലേഷൻസ് 2018 സർവകലാശാലയിൽ നടപ്പാക്കുകയും, അതനുസരിച്ചുള്ള സ്കോർ ഷീറ്റ് നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ, കാലഹരണപ്പെട്ട സ്കോർ ഷീറ്റിന്മേലുള്ള പരാതി നിരാകരിക്കുന്നതിന് തീരുമാനിച്ചു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ശ്രീ.മോൻസ് മാത്യു,പടിഞ്ഞാറയിൽ വീട്, കൂടല്ലൂർ പി.ഒ, കോട്ടയം.

2.ശ്രീ.ജോഷിൻ ജോസഫ്, പാരിയത്ത് വീട്,കുര്യനാട് പി.ഒ, കോട്ടയം.

3.ശ്രീ.സിറിൽ കെ.ജോസ്

4. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി.

5. രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി.എ.

6. കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ. ക്യു.എ.സി / റെക്കോർഡ്സ് സെക്ഷൻ.

7. കരുതൽ ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File ACBI/3/1752/2019 Approved by ASSISTANT REGISTRAR I (ACADEMIC) on 12-Jun-2020 05:47 PM - Page 2